# രണ്ടു ജീവികൾ മടങ്ങിയെത്തിയപ്പോൾ

● ശ്യാംകുമാർ

**നിങ്ങളുടെ വളരെ പ്രിയപ്പെട്ട ഒരു കളിപ്പാട്ടമോ മറ്റോ എപ്പോഴെങ്കിലും കാണാതായിട്ടില്ലേ? എന്നെന്നേക്കുമായി നഷ്ടപ്പെട്ടെന്നു കരുതിയ അത് ഏറെ നാളുകൾക്കു ശേഷം തിരികെ കിട്ടിയാലോ? എന്തൊരു സന്തോഷമായിരിക്കും അപ്പോൾ തോന്നുക! എങ്കിൽ എന്നോ മരണപ്പെട്ടു എന്ന് കരുതപ്പെട്ടവർ വീണ്ടും തിരിച്ചു വന്നാലോ?!**

ഈ ഭൂമുഖത്തു നിന്നും തുടച്ചു നീക്കപ്പെട്ട സസ്യ-ജന്തു ജാലങ്ങൾ നിരവധിയാണ്. കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭങ്ങൾ എന്നിവക്കു പുറമെ മനുഷ്യരുടെ ദുഷ്ചെയ്തികളും ഒത്തിരി ജീവജാലങ്ങളുടെ നാശത്തിനു കാരണമായിട്ടുണ്ട്.

'ഡോഡോ' പോലുള്ള സുന്ദര പക്ഷികളെ ഇനിയൊരിക്കലും ജീവനോടെ കാണാനാകില്ലെന്ന സത്യം പ്രകൃതിസ്നേഹികളുടെ തീരാവേദനയാണ്. എന്നാൽ വംശനാശം നേരിടുന്നു എന്ന് ശാസ്ത്രലോകം കരുതുന്ന അവയിൽ ചിലത് വീണ്ടും കൺമുന്നിൽ വന്നുപെട്ടാലോ? ഇതാ അടുത്തിടെ കണ്ടെത്തിയ രണ്ട് ജീവികളെ കുറിച്ച് വായിക്കൂ.

ഇക്കഴിഞ്ഞ ഓഗസ്റ്റിൽ ആസ്ട്രേലിയയിലെ വിക്ടോറിയയിലുള്ള ഒരു ചെറിയ പട്ടണത്തിലെ വീട്ടുകാർ ഒരു ജീവിയുടെ കരച്ചിൽ കേട്ടു. പുറത്തിറങ്ങിയപ്പോൾ വീടിനു പിറകിലായി ഒരു ചെറിയ പാവം ജീവിയെ കണ്ടെത്തി. ദയ തോന്നിയ അവർ അതിനെ വളർത്താൻ തീരുമാനിച്ചു. കുറുക്കന്റെ കുഞ്ഞാണോ അതോ നായ്ക്കുട്ടിയാണോ അതെന്ന് തീർച്ചപ്പെടുത്താനായില്ല. തുടർന്ന് സംശയം മാറ്റാനായി നവംബറിൽ അവരതിനെ മൃഗഡോക്ടറെ കാണിച്ചു.

തികച്ചും അവിചാരിതമായി വീട്ടുകാർ ആ സത്യം തിരിച്ചറിഞ്ഞു. 'ഡിങ്കോ' എന്നറിയപ്പെടുന്ന കാട്ടു നായയെയാണ് തങ്ങൾക്ക് കിട്ടിയിരിക്കുന്നത്! വർഷങ്ങൾക്കു മുൻപ് ആസ്ട്രേലിയയിൽ ധാരാളമായി കാണപ്പെട്ടിരുന്ന ഡിങ്കോ ഇതിനോടകം അപൂർവ്വ ജീവിയായി മാറിയിരുന്നു. ഡിങ്കോയുടെ സങ്കര ഇനങ്ങളെ കണ്ടെത്താനാകുമായിരുന്നെങ്കിലും കുറുക്കന്റെയും നായുടെയും ഛായയുള്ള തനത് ഡിങ്കോയെ കണ്ടെത്തുക പ്രയാസമായിരുന്നു.



*ഡിങ്കോ*

▸▸ **മനുഷ്യ ഹൃദയസ്പന്ദന നിരക്ക് എത്ര– മിനിറ്റിൽ 72 തവണ**

അപ്പോഴാണ് ഈ ഡിങ്കോ കുഞ്ഞ് ജന്തുശാസ്ത്രജ്ഞർക്ക് ആഹ്ലാദമേകിയത്.

ദൂരെയുള്ള ഉൾക്കാട്ടിൽ കഴിഞ്ഞിരുന്ന ഡിങ്കോകുഞ്ഞ് പരുന്തിന്റെയോ മറ്റോ പിടിയിലായി എങ്ങനെയോ താഴെ വീണതാകാമെന്നാണ് കരുതപ്പെടുന്നത്. എന്തായാലും അതിന്റെ അച്ഛനമ്മമാരെ കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. അവയെ കണ്ടെത്തി സംരക്ഷിക്കുവാനുള്ള തീരുമാനം അധികൃതർ കൈക്കൊണ്ടിട്ടുണ്ട്. കുഞ്ഞു ഡിങ്കോയ്ക്ക് കൂടുതൽ സംരക്ഷണം ലഭിക്കാനായി ആ വീട്ടുകാർ അതിനെ ആസ്ട്രേലിയൻ ഡിങ്കോ ഫൗണ്ടേഷന് (എ.ഡി.എഫ്) കൈമാറി. എ.ഡി.എഫ് അതിന് 'വാൻഡി' എന്ന പേര് നൽകി. കൂടാതെ വാൻഡിയുടെ ഡി.എൻ.എ സാമ്പിൾ വിദഗ്ധ പരിശോധനക്കായി അയച്ചു.

ഡിങ്കോ ആരാധകർക്ക് ഏറെ സന്തോഷമേകുന്ന പരിശോധനാ ഫലമാണ് ലഭിച്ചത്. ആസ്ട്രേലിയയിലെ മൂന്നു തരത്തിലുള്ള ഡിങ്കോകളിൽ ആൽപൈൻ ഡിങ്കോയാണ് ഏറ്റവുമധികം അപകടങ്ങൾ നേരിടുന്നത്. തനത് ആൽപൈൻ ഡിങ്കോ ആയ വാൻഡിയുടെ മാതാപിതാക്കളെ വേഗം കണ്ടെത്താനാകുമെന്നും നൂതന ശാസ്ത്ര-സാങ്കേതിക വിദ്യകളിലൂടെ കൂടുതൽ തനത് ഡിങ്കോകളെ വീണ്ടും ഭൂമുഖത്ത് എത്തിക്കാനാകുമെന്നുമുള്ള വിശ്വാസത്തിലാണ് ശാസ്ത്രലോകം. എന്തായാലും കുസൃതിക്കാരനും മിടുമിടുക്കനുമായ വാൻഡി ഇപ്പോൾ ഏറെ സന്തുഷ്ടനാണ്. തന്റെ പുതിയ പരിസരവുമായി അത് ഏറെ ഇണങ്ങിക്കഴിഞ്ഞു.



*മൗസ് ഡിയർ*

## വിയറ്റ്നാമിലെ മൗസ്-ഡിയർ

**ഏ**ഷ്യയിലെ തെക്കു-കിഴക്കൻ കാടുകളിൽ മാത്രം കാണപ്പെട്ടിരുന്ന ഒരു കുഞ്ഞു ജീവിയാണ് 'സിൽവർ -ബാക്ക്ഡ് ഷെവ്റോട്ടൈൻ' അഥവാ 'വിയറ്റ്നാമീസ് മൗസ്-ഡിയർ.' ഒരു മുയലിനോളം മാത്രം വലുപ്പമുള്ള ഈ ജീവിയെ 30 വർഷം മുൻപ് വരെ മാത്രമേ ജന്തുശാസ്ത്രലോകത്തിന് കണ്ടെത്താനായുള്ളൂ. 1910 വരെയുള്ള കാലയളവിൽ ജന്തുശാസ്ത്രജ്ഞർക്ക് നിരീക്ഷിക്കുവാനായത് വെറും 4 എണ്ണത്തെ മാത്രം! തുടർന്ന് 1990-ൽ ഒരു വേട്ടക്കാരൻ വിയറ്റ്നാമീസ് മൗസ്- ഡിയറിനെ ഗവേഷകർക്ക് കൈമാറി. അതിനു ശേഷം ആ ജീവിയെ കണ്ടെത്താൻ ജന്തുശാസ്ത്രജ്ഞർക്ക് കഴിഞ്ഞില്ല. എലിയുടെയും മാനിന്റെയും സവിശേഷതകൾ ഒത്തിണങ്ങിയ ആ ജീവിയും നാശോന്മുഖമായതായി ശാസ്ത്രലോകം വിലയിരുത്തി.

എന്നാൽ ജീവശാസ്ത്രജ്ഞനായ ആൻഡ്രൂ റ്റിൽക്കറും സംഘവും വിയറ്റ്നാമിലെ നിബിഡ വനത്തിനു സമീപമുള്ള തദ്ദേശവാസികളിൽ നിന്നും വനപാലകരിൽ നിന്നും ആ കുഞ്ഞു ജീവിയെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ശേഖരിച്ചു. തുടർന്ന് ആ സംഘം പതിനഞ്ചോളം പ്രദേശങ്ങളിൽ ക്യാമറകൾ ഘടിപ്പിച്ചു. മാസങ്ങൾ നീണ്ട കാത്തിരിപ്പിന്റെ ഫലം സന്തോഷമേകുന്നതായിരുന്നു. ആ ഇത്തിരിക്കുഞ്ഞന്റെയും കൂട്ടരുടെയും ഇരുന്നൂറോളം ചിത്രങ്ങളാണ് ആ സംഘത്തിന് ലഭിച്ചത്. ഇക്കഴിഞ്ഞ നവംബറിൽ അതിനെക്കുറിച്ചുള്ള റിപ്പോർട്ടുകൾ പ്രശസ്തമായ ശാസ്ത്രമാസികകൾ വൻ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു. ശാസ്ത്രലോകത്തിന്റെ കണ്ണിൽപ്പെടാതെ ഇത്തരത്തിൽ ഇനിയും മറ്റ് പല ജീവജാലങ്ങളും മറഞ്ഞിരിപ്പുണ്ടാകാം. പ്രദേശവാസികളുടെ നാട്ടറിവുകൾ കൂടി ശേഖരിക്കണമെന്ന സൂചനയാണ് ഈ സംഭവത്തിലൂടെ വ്യക്തമാകുന്നത്.

▸▸ മനുഷ്യശരീരത്തിലെ ഏറ്റവും കടുപ്പമുള്ള പദാർത്ഥം- ഇനാമൽ